**27th October 2021**

**വിഷയം: Key Holding Allowance**

പതിനൊന്നാം ഉഭയകക്ഷി കരാർ പ്രകാരമുള്ള Key holding അലവൻസ് നമ്മുടെ ബാങ്കിൽ ഇത് വരെ നൽകിയിട്ടില്ല. എന്നാൽ പഴയ നിരക്കിൽ നൽകിക്കൊണ്ടിരിക്കുന്ന ഈ അലവൻസിന്റെ DA പൂർണമായും തിരിച്ചു പിടിക്കുകയും ചെയ്തു. ഫലത്തിൽ ഇരുന്നൂറിലധികം ജീവനക്കാർക്ക്, ശമ്പളക്കുടിശ്ശികയുടെ നാലാം ഗഡു ലഭിച്ചില്ല. കാരണം, നാലാം ഗഡുവായി നൽകേണ്ടുന്നതിനേക്കാൾ കൂടുതൽ തുക, Key holding അലവൻസ് വർദ്ധനയിലൂടെ നിയമപരമായി നൽകാനുള്ളത് മാനേജ്മെന്റ് നൽകാത്തതാണ്. ഇവരെക്കൂടാതെ മുന്നൂറിലധികം ജീവനക്കാർക്ക് ഇതിന്റെ ഭാഗമായി ആനുകൂല്യം ലഭിക്കാനുമുണ്ട്. പുതിയ മാനേജ്മെന്റ് ചുമതലയേറ്റത്തിന് ശേഷം തുടർച്ചയായി ജീവനക്കാരുടെ ശമ്പളത്തിൽ കൈവച്ചു കൊണ്ടിരിക്കുകയാണ്. ഈ വിഷയത്തിലുള്ള ശക്തമായ പ്രതിഷേധം HR ജനറൽ മാനേജരെ അറിയിച്ചിട്ടുണ്ട്. അടിയന്തിരമായി അർഹതപ്പെട്ടവർക്ക് ഉടൻ അലവൻസ് നൽകണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അല്ലാത്തപക്ഷം അടുത്ത ദിവസം തന്നെ സംഘടനക്ക് കടുത്ത നടപടികളിലേക്ക് കടക്കേണ്ടതായി വരുമെന്ന താക്കീതും മാനേജ്മെന്റിന് നൽകിയിട്ടുണ്ട്.

**GS KGBEU OU**